"ഭരണഭാഷ - മാതൃഭാഷ"

നം.സി3/6378/2021/ഡി.ജി.ഇ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി: 07/07/2021
ഫോൺ - 0471-2580514
ഇ-മെയിൽ - supdtc@kerala.gov.in

## സർക്കുലർ

വിഷയം: പൊതുവിദ്യാഭ്യാസം - ജീവനക്കാര്യം - പൊതുവിദ്യാഭ്യാസ വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ സേവന വിവരങ്ങൾ സ്പാർക്കിൽ ലോക്ക് ചെയ്യുന്നത് - സംബന്ധിച്ച്.

സൂചന:
1) ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 25/02/2017 ലെ സ.ഉ. (അച്ചടി) നമ്പർ 03/2017/ഉ.പ.ഭ.വ. നമ്പർ ഉത്തരവ്.
2) പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ) ന്റെ റിപ്പോർട്ട്.
3) ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പിന്റെ 02/06/2021 തീയതിയിലെ എ.ആർ.14-1/39/21/ഉ.പ.ഭ.വ. നമ്പർ കത്ത്.
4) ഈ കാര്യാലയത്തിലെ 07/09/2020 തീയതിയിലെ സി3/198/17/2019/ഡിജിഇ നമ്പർ ഉത്തരവ്.

*********

പൊതുവിദ്യാഭ്യാസ വകുപ്പിൽ 2021 വർഷത്തെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ (ക്ലാർക്ക്/സീനിയർ ക്ലാർക്ക്, എൽ.ഡി. ടൈപ്പിസ്റ്റ്/യു.ഡി. ടൈപ്പിസ്റ്റ്, ജൂനിയർ സൂപ്രണ്ട്/നൂൺമീൽ ഓഫീസർ/സ്റ്റോർ കീപ്പർ, ഫെയർകോപ്പി സൂപ്രണ്ട്, സീനിയർ സൂപ്രണ്ട്) പൊതുസ്ഥലംമാറ്റം ഓൺലൈൻ മുഖേന നടപ്പിലാക്കുന്നതിന്റെ ഭാഗമായി എല്ലാ ഡ്രോയിംഗ് ആന്റ് ഡിസ്ബേർസിംഗ് ഓഫീസർമാരും അവരുടെ ഓഫീസിലെ മേൽ പരാമർശ പ്രകാരമുള്ള എല്ലാ ജീവനക്കാരുടെയും സ്പാർക്കിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ സേവനപുസ്തകവുമായി ഒത്തുനോക്കിയതിന് ശേഷം അവ അപ്ഡേറ്റ് ചെയ്ത് വെരിഫൈ ചെയ്ത് ലോക്ക് ചെയ്യേണ്ടതാണ്. ഈ മാസം 13/07/2021 - നകം മേൽ പറഞ്ഞ നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതാണ്. ഈ തീയതിക്ക് ശേഷം സ്പാർക്കിൽ സർവ്വീസ് സംബന്ധമായ വിവരങ്ങളിൽ നിന്നും മാറ്റം വരുത്തുവാൻ സാധിക്കുകയില്ല എന്ന വിവരം കൂടി അറിയിക്കുന്നു. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും തങ്ങളുടെ അധികാര പരിധിയിൽ വരുന്ന എല്ലാ സബ് ഓഫീസുകളിലും ഗവൺമെന്റ് ഹൈസ്കൂളുകളിലും അനുബന്ധ സ്ഥാപനങ്ങളിലും മേൽ പറഞ്ഞ നടപടികളിലും കൃത്യമായി പാലിക്കുന്നു എന്നുള്ളത് ഉറപ്പുവരുത്തേണ്ടതാണ്. കഴിഞ്ഞ വർഷം ഓൺലൈൻ പൊതുസ്ഥലംമാറ്റത്തിൽ പല ഓഫീസ് മേലധികാരികളും ഈ നടപടിക്രമങ്ങളിൽ ഉദാസീനത കാണിച്ചിട്ടുണ്ടായിരുന്നു. ഇപ്രാവശ്യം അത്തരം നടപടികൾ ഉണ്ടായാൽ വകുപ്പ്തലത്തിൽ അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്. ആയതിനാൽ എല്ലാ

ഡ്രോയിംഗ് ആന്റ് ഡിസ്ബേർസിംഗ് ഓഫീസർമാരും നൽകിയിട്ടുള്ള തീയതിക്കുള്ളിൽ തന്നെ മേൽ പറഞ്ഞ നിർദ്ദേശങ്ങളെല്ലാം തന്നെ പാലിക്കേണ്ട താണ്.

Bijumon

**ബിജുമോൻ ജോസഫ്**
പെൻ - 101243
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം

1. ടെക്സ്റ്റ്ബുക്ക് ഓഫീസർ, തിരുവനന്തപുരം.
2. ജോയിന്റ് കമ്മീഷണർ, പരീക്ഷാഭവൻ, തിരുവനന്തപുരം.
3. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
4. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
5. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
6. എല്ലാ പ്രഥമാധ്യാപകർക്കും.
7. എല്ലാ ഡയറ്റ് പ്രിൻസിപ്പൽമാർക്കും
8. സൂപ്രണ്ട്, കെ. സെക്ഷൻ.
9. എക്സിക്യൂട്ടീവ് ഡയറക്ടർ & വൈസ്ചെയർമാൻ, കൈറ്റ്, പൂജപ്പുര, തിരുവനന്തപുരം (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി).
10. കരുതൽ ഫയൽ

എം.എസ്.